# അമേരിക്കയിലെ മലയാളികളും ആദ്ധ്യാത്മികതയും

മണ്ണിക്കരോട്ട്

അടുത്തകാലത്തായി അമേരിക്കയിലെ മലയാളി സമൂഹത്തിൽ തഴച്ചു വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ് ആദ്ധ്യാത്മികത. ആദ്ധ്യാത്മികതയുടെ അതിപ്രസരങ്ങളും അതിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന അധികപ്രസംഗങ്ങളുമാണ് എങ്ങും കാണാനും കേൾക്കാനും കഴിയുന്നത്. മലയാളികളുടെ ആത്മീയ വളർച്ചയ്ക്ക് അമേരിക്ക ഏറെ വളക്കൂറുള്ള മണ്ണാണെന്നു തോന്നിപ്പോകും. സ്വയം ഭക്തരാകുന്ന വിശ്വാസികളും ഭക്തരെ പാപികളാക്കുന്ന മതനേതാക്കളും ധാരാളമാണ്.

ഭാരതീയരെ സംബന്ധിച്ചിടത്തോളം ജീവിതത്തിൽ ആദ്ധ്യാത്മികത പരമ്പരാഗതവും പരമപ്രധാനവുമാണ്. മറിച്ചുള്ള ജീവിതം മൃഗതുല്യമാണെന്നുള്ളതിന് സംശയമില്ല. മാത്രമല്ല, തിരക്കിട്ട ലൗകീകവ്യാപാരങ്ങളിൽനിന്നൊഴിഞ്ഞ് ശാന്തിയും സമാധാനവും നിറഞ്ഞ മറ്റൊരന്തരീക്ഷം ഏതൊരാൾക്കും ആവശ്യമാണ്. അതിന് സകലത്തിന്റെയും സൃഷ്ടാവും പരിത്രാതാവുമായ ഈശ്വരസാമീപ്യം വേണം. അതുപോലെ, സാമൂഹ്യജീവിയായ മനുഷ്യന് സമൂഹവും സമൂദായവുമായി ഒത്തുകൂടാനും ഇടപഴകാനുമുള്ള അവസരമുണ്ടാകണം. മാത്രമല്ല ആദ്ധ്യാത്മിക ചുറ്റുപാടിൽ ജനിക്കുകയും വളരുകയും ചെയ്തവർക്ക് ആത്മീയം ജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുള്ളതാണ്. അത് അവർ എവിടെയും ഏത് സാഹചര്യത്തിലും തുടരുകയും ചെയ്യും. അതിന് തീർച്ചയായും ദേവാലയങ്ങളും മറ്റ് ആദ്ധ്യാത്മിക സൗകര്യങ്ങളും ഉണ്ടാകണം. അമേരിക്കയിലെ മലയാളികളുടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനവും ഇതുതന്നെ.

എന്നാൽ സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരുന്ന ആദ്യകാലങ്ങളിൽ, മറുകരയിലുള്ള തങ്ങളുടെ വിശ്വാസികളെക്കുറിച്ച് അറിയാനൊ, അറിയാൻ ശ്രമിക്കാനൊ ഒരു മതനേതാക്കളുമുണ്ടായില്ല. അന്നും അമേരിക്കയിൽ ആവശ്യമുള്ളവരുടെ ആത്മീയകാര്യങ്ങൾക്ക് മുട്ടുണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. ഒന്നുമില്ലാതിരുന്ന അന്നൊക്കെ അമേരിക്കൻ ആരാധനാലയങ്ങൾ അഭയമായി. വെറുംകയ്യോടെയെങ്കിലും പുതുതായി ചെല്ലുന്നവരെ സ്വദേശികൾ സ്വാഗതം ചെയ്തു. ഒരേ വിശ്വാസത്തിൽ പോലും കാര്യമില്ലാത്ത കാരണങ്ങൾ മനസ്സിലൊതുക്കി വിദ്വേഷം കാട്ടുന്ന മലയാളികൾക്ക് വിശ്വസിക്കാൻ കഴിയാത്ത സ്വീകരണമാണ് മറുനാട്ടിലെ ആരാധനാലയങ്ങളിൽ നിന്നും ലഭിച്ചത്. ആഗതർ മറ്റുള്ളവരുടെ സൗകര്യങ്ങൾ സ്വന്തംപോലെ ഉപയോഗിച്ചു. അതൊക്കെ പൊതുമുതൽപോലെ പെരുമാറി.

ഇതൊക്കെയെങ്കിലും നവാഗതർക്ക് മറ്റുള്ളവരുമായി യോജിച്ചുപോകാൻ കഴിഞ്ഞില്ലെങ്കിൽ അത് ആതിഥേയരുടെ കുറ്റമല്ല. മാന്യമായ പെരുമാറ്റക്കുറവു കാരണം പൊരുത്തക്കേടുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനും മറ്റാരേയും കുറ്റം പറഞ്ഞിട്ടുകാര്യമില്ല. അപരിഷ്കൃതവും സംസ്ക്കാരശൂന്യവുമായ പെരുമാറ്റങ്ങൾ തദ്ദേശിയരുടെ സഹനശക്തിയ്ക്കും ക്ഷമാശക്തിയ്ക്കും അപ്പുറമായിരുന്നു. ഒന്നും കൊടുക്കാതെ എല്ലായ്പ്പോഴും എല്ലാം നേടാമെന്ന ധാരണയും അലോസരനിമിഷങ്ങൾക്ക് കാരണമായിട്ടുണ്ടാകാം. എന്നിട്ടും ആരുടേയും ആത്മീയകാര്യങ്ങൾ മുടങ്ങിയിട്ടില്ല. അതിന് അമേരിക്കൻ ദേവാലയങ്ങൾ എപ്പോഴും സഹായമായിരുന്നു.

കാഠിന്യത്തിന്റെ കൊടുമുടികൾ താണ്ടിയാണ് ആദ്യകാല കുടിയേറ്റക്കാർ അമേരിക്കയിലെത്തിയത്. 1960–പതുകളുടെ പൂർവ്വാർദ്ധത്തിലും 70–പതുകളുടെ ഉത്തരാർദ്ധത്തിലുമായിരുന്നു പ്രധാന തുടക്കം. അതിൽ ഏതാണ്ട് 100 ശതമാനവും നമ്മുടെ നേഴ്സുമാരായിരുന്നു. അമേരിക്കയിലെ അവരുടെ സാമ്പത്തിക പര്യാപ്തത മതനേതാക്കളിൽ മാറ്റം സൃഷ്ടിച്ചു. അതോടെ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ആത്മീയപ്രാവഹത്തിനു തുടക്കമിടുകയും ചെയ്തു.

ആദ്യകാലങ്ങളിൽ തന്നാൽ കഴിയുംവിധം ദൈവത്തെ അറിഞ്ഞ് സമാധാനത്തോടും സന്തോഷത്തോടും ജീവിച്ചിരുന്നവർ. അവരൊക്കെ ചുരുക്കം ദവിസങ്ങൾകൊണ്ട് പാപികളുടെ പട്ടികയിൽ പെട്ടു. പാപികളെന്ന് പറഞ്ഞാൽ വെറുംപാപികളല്ല, മഹാപാപികളും ദോഷികളും. പിന്നെ ആത്മീയ പര്യാപ്തതയ്ക്കും മോചനത്തിനും മോക്ഷത്തിനും വേണ്ടിയുള്ള പാതയൊരുക്കലായി. അതൊക്കെ ചില്ലറയായും മൊത്തമായും ഏറ്റെടുത്ത് നടത്താൻ ഏജൻസികളും രൂപപ്പെട്ടു. കണ്ടാൽ മിണ്ടാത്ത, മുഖത്തോടുമുഖം നോക്കാത്ത ഭക്തശിരോമണികളുടെ മുക്തിപ്രഭാവങ്ങൾ അലമുറയിട്ടൊഴുകി. കൂട്ടായ്മയോഗം, കുടുംബയോഗം, കൂട്ടുയോഗം,

കുടികയറിയോഗം, ധ്യാനം, ഉപവാസം, രോഗശാന്തി, ആത്മശാന്തി, ആന്തരീകസൗഖ്യം, എന്നുവേണ്ടാ അധരവ്യായാമംകൊണ്ട് സാക്ഷാൽ ദൈവംപോലും അതിശയിച്ചു.

മതനേതാക്കൾ തങ്ങളുടെ 'ആടു'കളെ തേടിപ്പിടിക്കലായി. പിന്നെ ബ്രിട്ടീഷുകാരെപ്പോലെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന അടവും വിഭാഗീയ നയവും നേതൃത്വത്തിന്റെ ഭാഗമായി. അപ്പോഴേക്കും കടിപിടിയും കിടമത്സരങ്ങളും കളപോലെ മുളച്ചു പടർന്നു. അരങ്ങുകൾ അലങ്കരിച്ചവർതന്നെ അങ്കംവെട്ടി അങ്കത്തട്ടു പൊളിക്കുകയും അംഗവൈകല്യങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യേണ്ടിവരുന്ന ഗതികേട്. 'ആശാന്മാരെ'കീശയിലാക്കി അനുസരിപ്പിക്കാനും പഠിപ്പിക്കാനും ശ്രമിക്കുന്ന ഒരുകൂട്ടം ശിഷ്യഗണങ്ങളും. അതോടെ സമുദായത്തിലും കുടുംബങ്ങളിലും കലഹം. ബന്ധപ്പെട്ടവരുമായി വേർപെട്ടു നില്ക്കേണ്ടിവരുന്ന ദുരവസ്ഥ. കലാപങ്ങൾ പെരുകുന്നു. സ്നേഹിതർ ശത്രുക്കളാകുന്നു. ഐക്യം അകലത്താകുന്നു. പൊതുവെ പറഞ്ഞാൽ ആത്മീയം നാമമാത്രമായി. വ്യവസായം ശക്തിപ്പെട്ടു. ആദ്ധ്യാത്മികതയുടെ പ്രയാണവും പരിണാമവും സാമ്പത്തിക മാനദണ്ഡത്തിൽ ഒതുങ്ങുകയും ചെയ്തു.

പിന്നെ ആരാധനാലയങ്ങൾ ഉയർത്തുന്നതിന്റെ ഊഴമായി. ആരാധനയ്ക്ക് ദേവാലയങ്ങൾ അനിവാര്യമാണ്. അത് സമുദായത്തിന്റെ ആവശ്യാനുസരണവും കഴിവിനൊത്തുമായിരിക്കണം. അതിന് അറിവും കഴിവും പരിശീലനവുമുള്ളവരുടെ അഭിപ്രായങ്ങളാരായണം. എന്നാൽ അങ്ങനെയുള്ള ന്യൂനപക്ഷത്തെ അകറ്റിനിർത്തി വിഘടിതരും കുബുദ്ധികളുമായ ഭൂരിപക്ഷം, നിയന്ത്രണം കയ്യിലെടുക്കുന്നു. നാട്ടിൽ അയൽക്കാർക്കുപോലും അന്യരായിരുന്നവർക്ക് അമേരിക്കയിൽ ലഭിച്ച ശക്തികേന്ദ്രമാണ് സമുദായം പിന്നെ പൊതുവായ സമൂഹവും. പണത്തിന്റെ വലിപ്പവും പിടിയിലുള്ളവരുടെ എണ്ണവും, ആത്മീയതയടെയും അധികാരത്തിന്റെയും അടിസ്ഥാനമായി. ദ്രവ്യപ്പട്ടികയുടെ വലിപ്പത്തിനൊത്ത് ആത്മീയം അളന്നുകൊടുക്കുന്ന ദൈവസേവകരുംകൂടി ആയപ്പോൾ, അനർഹർ അനിഷേധ്യനേതാക്കളായി. അത്തരം അടിത്തറകളിൽ പണിയുന്ന ദേവാലയങ്ങൾ പിരിവാലയങ്ങളും പിഴിവാലയങ്ങളും പിന്നെ മത്സരാലയങ്ങളായി പരിണമിക്കുന്ന പരിതാപകരമായ പരിതസ്ഥിതി പരക്കെ പടർന്നുപന്തലിച്ചു.

അനാവശ്യമായ ആത്മീയപരിവേഷമാണ് മിക്കയിടങ്ങളിലും ഉണ്ടായിട്ടുള്ളതും ഉണ്ടാകുന്നതും. നാട്ടിൽ നടമാടുന്ന ഏതു മതഭ്രാന്തിന്റെയും മാറ്റൊലി അമേരിക്കയിലും മുഴങ്ങികേൾക്കാം. കിടമത്സരങ്ങളും കുതികാൽവെട്ടും കുറവല്ല. ദേവാലയം അലങ്കാരാഡംഭരങ്ങളുടെ പ്രദർശനശാലയാകുകയും, സമുദായം ഭൗതിക നേട്ടം ലക്ഷ്യംവയ്ക്കുകയുമാകുമ്പോൾ ആത്മീയം എവിടെയെന്ന ചോദ്യം ബാക്കിയാകുന്നു.

മറ്റുള്ളവരുടെ ശ്രദ്ധപിടിച്ചുപറ്റാനും തങ്ങളുടെ പ്രഭാവം പ്രദർശിപ്പിക്കാനും ചിലർ കാട്ടിക്കൂട്ടുന്ന വങ്കത്തരങ്ങൾ ഒറ്റപ്പെട്ട സംഭവമല്ല. അതിനായി വമ്പൻ കാറുകൾ കടത്തിയിട്ട് വഴിതടയും. അകാരണമായ വാക്കേറ്റങ്ങൾ സൃഷ്ടിക്കും. അതുമൂലം സമൂദായത്തിന്റെ സ്വൈര്യവും സമാധാനവും നഷ്ടപ്പെടുന്നത് വിഷയമല്ല. മനസ്സും ഹൃദയവും പരമാത്മാവിൽ കേന്ദ്രീകരിക്കേണ്ട സമയം മറ്റുള്ളവരിലായിരിക്കും ശ്രദ്ധ. അവരുടെ നേട്ടങ്ങളിൽ, വസ്ത്രധാരണത്തിൽ, ആഭരണങ്ങളിൽ അമർഷവും അസൂയയും. അതൊക്കെ കടത്തിവെട്ടാനുള്ള ഉപായങ്ങളും, മറിച്ചിടാനുള്ള പാരയും, തകർക്കാനുള്ള തന്ത്രങ്ങളുമായിരിക്കും ഒരു നല്ലവിഭാഗത്തിന്റെ മനസ്സിൽ.

അമേരിക്കരുടെ ദേവാലയങ്ങളിൽ സമയത്തിന് മുമ്പേ ജനങ്ങൾ ഹാജരായി പ്രാർത്ഥനാനിരതരായിരിക്കുക പതിവാണ്. അതിനും മുമ്പുതന്നെ ചുമതലപ്പെട്ടവർ വേണ്ടപ്പെട്ട ക്രമീകരണങ്ങളെല്ലാം ചെയ്തിരിക്കും. മലയാളികൾക്ക് അവരവരുടെ ഔദ്യോഗിക ജോലിക്കാര്യങ്ങളൊഴിച്ചാൽ മറ്റുള്ളതിനെല്ലാം മനംപോലെയാണ് സമയം. പലപ്പോഴും പലയിടങ്ങളിലും ആരാധന ആരംഭിക്കേണ്ട സമയത്തായിരിക്കും സജ്ജീകരണങ്ങളുടെ തുടക്കം. പ്രാർത്ഥനയ്ക്കൊപ്പം ചുമതലക്കാരുടെ കവാത്തും കഥകളി പദങ്ങളും കാണാം. അമേരിക്കയിലെ ഒരു പ്രാർത്ഥന അഞ്ഞൂറുപേർ ഒരുമിച്ച് ചൊല്ലിയാലും ഒരേ ശബ്ദത്തിൽ കേൾക്കാം. അത് മലയാളികളാകുമ്പോൾ അൻപതുപേർ ചൊല്ലുന്നത് അഞ്ഞൂറുവിധത്തിലാകുന്നു. ഓരോരുത്തർക്കും അവരവരുടെ ശബ്ദം മുന്നിൽ നില്ക്കണമെന്ന ഭാവം, അല്ലെങ്കിൽ തങ്ങൾക്കാണ് കൂടുതൽ അറിയാവുന്നതെന്ന അഹന്ത. ഫലമോ? ഈശ്വരൻ അകന്നുപോകുന്ന അലങ്കോലം.

ഒരുകൂട്ടർ എപ്പോഴും ദേവാലയത്തിനു പുറത്തായിരിക്കും. അവിടെ പുകവലിയും വെടിപറച്ചിലും അടിപൊളി. അകത്ത് ആത്മീയം കൊഴുക്കുമ്പോൾ പുറത്ത് 'പൂര'ത്തിന്റെ പൂത്തിരി കത്തും. രാഷ്ട്രീയം കൊഴുക്കും. വെടിയും പുകയും ഉയരും. അതിലെ ചില വെടിയുടെ പുകശ്വസിച്ചാൽ ശ്വാസനാളങ്ങൾപോലും മരവിച്ചുപോകും. അക്കൂട്ടരും ആത്മികം വെട്ടിവിഴുങ്ങാൻ വന്നവരാണ്.

ഒരേ കൂട്ടത്തിലുള്ളവർതന്നെ സ്ഥലകാലവൈപര്യത്യങ്ങൾ ഉയർത്തിക്കാട്ടി അകാരണമായ വിവേചനങ്ങൾ സൃഷ്ടിച്ച് ആദ്ധ്യാത്മികതയെ അതിവികൃതമാക്കി മാറ്റുന്നു. സത്യധർമ്മങ്ങളെ വെല്ലുവിളിച്ചും നീതി

ബോധമില്ലാതെ പൊട്ടത്തരങ്ങൾ പ്രവർത്തനശൈലിയാക്കിയും ഒരുകൂട്ടർ വിലസുമ്പോൾ, മറ്റൊരുകൂട്ടർ നിവർത്തിയില്ലാതെ കോടതി കയറാൻ നിർബന്ധിതരാകുന്നു. വാദിക്കത്തക്ക പരാതികളൊ, നിയമങ്ങളൊ ഇല്ലാത്ത കേസുകളിൽ അഭിഭാഷകർ ഇരുകക്ഷികളിൽനിന്നും കഴിയുന്നത്രയും പണം ഈടാക്കി കീശ വീർപ്പിക്കുന്നു (ഏറിയപങ്കും ഭാര്യമാർ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം). വിധിപറയാൻ വകുപ്പില്ലാതെ ന്യായാധിപന്മാർ വിശുദ്ധഗ്രന്ഥത്തെ അഭയും തേടുന്നു. അതിലെ വാക്യങ്ങളുദ്ധരിച്ച് അതൊക്കെ വായിച്ച് പഠിച്ച് രമ്യപ്പെട്ടു ജീവിക്കാൻ ഉപദേശം കൊടുത്ത് പറഞ്ഞയക്കുന്നു.

ഇന്ന് അമേരിക്കയിലെ മലയാളമാധ്യമങ്ങൾ, മതപരവും–സാമുദായികവുമായ വിഷയങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നതായി കാണാം. നിസ്സാരകാര്യങ്ങളും, വിലകുറഞ്ഞ പ്രചരണപ്രസ്താവനകളും വിവിധവേഷത്തിലും തരത്തിലുമുള്ള ചിത്രങ്ങളുമാണധികവും. ഉന്നതർ ഓരോപടി കയറുന്നതും ഒന്നുച്ചരിക്കുന്നതും വാർത്തകളാക്കി മാറ്റുന്നു. അവർ പടികൾ കടന്ന് കൊടുമുടിയിലെത്തുമ്പോഴേക്കും വാർത്തകൾകൊണ്ട് ഒരു ഇതിഹാസത്തിനുള്ള പേജുകൾ കവിഞ്ഞിരിക്കും. ഒരു മെഗാസീരിയൽപോലെ സ്വീകരണങ്ങളുടെ സീനുകൾ നീണ്ടുനീണ്ടു പോകുന്നു. ദൈവപൂജയെക്കാൾ മനുഷ്യപൂജയ്ക്ക് പ്രാധാന്യംകൊടുക്കുന്ന വൈകൃതം.

ഇന്ന് ആദ്ധ്യാത്മികത എവിടെയാണ്? മാലാഖമാർ കയറാൻ മടിക്കുന്നിടത്ത് വിഡ്ഢികൾ വിളയാടുമെന്ന് പഴമൊഴിയുണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽ, കുത്തഴിഞ്ഞ് മൂല്യങ്ങൾ കശാപ്പ്ചെയ്ത് കുഴിച്ചു മൂടിയ ശവപ്പറമ്പിൽ ലഗിയോന്മാരുടെയും ലൂസിഫർമാരുടെയും താഡനങ്ങളേറ്റ് പിടയുകയാണ് ആദ്ധ്യാത്മികത. അത് പരസ്പരം വാളോങ്ങി വിലാപ്പുറം തകർക്കുന്ന ആത്മീയചേവകരുടെ ഓതിരമുറകളിൽ വൃണപ്പെട്ട് ഞെരിപിരികൊള്ളുകയാണ്. പ്രസംഗങ്ങളും പ്രവർത്തനങ്ങളും പൊരുത്തപ്പെടാതെ ആദ്ധ്യാത്മികത വഴിമുട്ടുന്നു. അത് ഉന്നതപദം പിടിച്ചുനിറുത്താനുള്ള കസേരകളിയിൽ, മറ്റുള്ളവരുടെ കുതികാൽവെട്ടി ചുഴറ്റിയെറിയാൻ കുതന്ത്രങ്ങൾ മെനയുന്നവരുടേയും കോടതി കയറുന്നവരുടെ പിടിയിൽ പിടയുന്നു. പണവും പ്രതാപവും ഉയർത്തിക്കാട്ടിയ ദന്തഗോപുരങ്ങൾക്കുള്ളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ആദ്ധ്യാത്മികതയെ അധികാരപ്പെട്ടവർ ചവിട്ടിമെതിക്കുന്നു. അത് സംസ്ക്കാരം നിഹനിക്കപ്പെട്ട നിഹീനരുടെ താഡനങ്ങളേറ്റ് ഭയന്നോടുകയാണ്. സ്നേഹം വറ്റിയ സമൂഹത്തിൽ, നാട്യം നിറഞ്ഞ 'നാമ'പ്രഘോഷണത്തിൽ നാമമാത്രമായും കച്ചവടച്ചരക്കായും മാറിയിരിക്കുകയാണ് ആദ്ധ്യാത്മികത.

അത്യാധുനിക കണ്ടുപിടിത്തങ്ങളും അതിനുതക്ക സാങ്കേതിക വിദ്യകളും അനുദിനം കണ്ടും കൊണ്ടുമിരിക്കുന്ന അമേരിക്കയിൽ ജീവിക്കുന്നവരുടെ ബോധമണ്ഡലങ്ങൾ കുടുതൽ വികസിക്കുകയും ചിന്താശക്തി വർദ്ധിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കാലത്തിന്റെ മാറ്റങ്ങളറിയാതെ, കേരളത്തിൽപോലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ മനസ്സലിക്കാതെ, ഇരുപതൊ മുപ്പതൊ വർഷങ്ങൾക്ക് മുമ്പ് തങ്ങൾ വിട്ടുപോന്ന കുഗ്രാമങ്ങളിലെ ചന്തസംസ്ക്കാരം സ്വന്തമാക്കിയ അന്തസാണ് മിക്കവരേയും നയിക്കുന്നത്. ഇന്നും ചില സമുദായങ്ങളിൽ സ്ത്രീകൾക്ക് അർഹിക്കുന്ന സ്വാതന്ത്ര്യം കൊടുക്കാതെ മൂന്നാംതരക്കാരായി തരംതാഴ്ത്തിയിരിക്കുന്ന പരിതാപവും കിരാതവുമായ സ്ഥിതിവിശേഷം കാണാം. അവർക്ക് അഭിപ്രായസ്വാതന്ത്ര്യംപോലും അനുവദിക്കുന്നില്ല.

അമേരിക്കയിലെ മലയാളികളുടെ ജീവിതത്തിൽ ഇന്ന് അന്യം നിന്നുപോയിരിക്കുന്ന ഒന്നുണ്ട്, ആദ്ധ്യാത്മികത. അത് അഹന്തയുടെയും ആഡംഭരങ്ങളുടെയും അടിപൊളി പ്രകടനങ്ങളിലും ഭൗതിക പ്രദർശനങ്ങളിലും ഞെരിഞ്ഞമരുന്നു. അയൽക്കാരനെ അറിയാതെ ഉറക്കെ പ്രാർത്ഥിക്കുന്ന കപടഭക്തിക്കാരുടെ ചുറ്റുവട്ടത്തിൽ ഒതുങ്ങുന്നതല്ല ആദ്ധ്യാത്മികത. മണിക്കൂറുകൾ പ്രാർത്ഥിച്ചതുകൊണ്ടൊ ദിവസങ്ങളോളം ധ്യാനത്തിൽ കുടിയതുകൊണ്ടൊ ആത്മികസുഖമൊ ആന്തരികസുഖമൊ ഉണ്ടാകുന്നില്ല. അത് പാറമേൽ വീണ വിത്തുപോലെ മാത്രം. മറിച്ച് സമർപ്പിതരുടെ ഇരുപത്തിനാല് മണിക്കൂറും ആത്മീയമയമാണ്. പ്രവർത്തി പ്രാർത്ഥനയിലും പ്രാർത്ഥന പ്രവർത്തി യിലും വിന്യസിക്കുമ്പോൾ അദ്ധ്യാത്മികത ഉടലെടുക്കുന്നു. പ്രാർത്ഥന പ്രവർത്തനത്താൽ പൂരിതമാകട്ടെ. അതായിരിക്കട്ടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. അവിടെ ആദ്ധ്യാത്മികതയുടെ അനന്തചൈതന്യം ഓരോരുത്തർക്കുംവേണ്ടി കാത്തിരിക്കുന്നു.